DESPATCHED On 08/06/2020

17·3·20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ **AP. 467*(7)/2013*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *2962/എസ്.ഐ.സി-ജി 6/14*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. മുഹമ്മദ് സലീം**
**S/o അബ്ദുൾ ഷെറീഫ്**
**ബാദ്രെ ക്വാർട്ടേഴ്സ്, പടിഞ്ഞാറെമൂല**
**നായനാർ മൂല,**
**പി.ഒ ആലമ്പാടി**
**കാസർകോഡ്** — **പരാതി ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& ജൂനിയർ സൂപ്രണ്ട്(എൽ) സെക്ഷൻ താലൂക്ക് ഓഫീസ് കാസർകോഡ്**
2. **അപ്പീൽ അധികാരി തഹസീൽദാർ കാസർകോഡ്**

— **എതിർകക്ഷികൾ**

## ഉത്തരവ്

2013 ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയാണിത്. ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾക്കും വിവരങ്ങൾക്കും 6 വർഷത്തോളം പഴക്കമുണ്ട്. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ടിയാൻ ആവശ്യപ്പെട്ട പൂർണ്ണ വിവരങ്ങൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകിയിട്ടുണ്ടെന്നാണ്.

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായും, കമ്മീഷനിൽ 25.05.2019 ന് ഹാജരാകാത്തതിനാലും എസ്.പി.ഐ.ഒ യ്ക്ക് 15.11.2019 ന് കമ്മീഷൻ മുമ്പാകെ ഹാജരാകുന്നതിന് ഷോക്കോസ് നൽകുകയും ആയതിനെത്തുടർന്ന് എസ്.പി.ഐ.ഒ ഹാജരാകുകയും, ഹാജരാകാത്തതിന് കാരണം ബോധിപ്പിക്കുകയും ആയത് കമ്മീഷൻ വിശ്വാസത്തിലെടുക്കുകയും സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം അപ്പീൽ സമർപ്പിച്ച സമയത്ത് നൽകിയിട്ടുണ്ടെന്ന് ബോധിപ്പിക്കുകയുംചെയ്തു.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് ഇനം തിരിച്ച് മറുപടി നൽകാനും ആയതിന്റെ പകർപ്പ് കമ്മീഷനിലേയ്ക്ക് അയക്കാനും നിർദ്ദേശിക്കുകയും 25.11.2019 ന് സമർപ്പിച്ച റിപ്പോർട്ടിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഇനം തിരിച്ച് നൽകാൻ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം നൽകിയെന്നും, ആയതിന്റെ പകർപ്പ് കമ്മീഷനിലേയ്ക്ക് സമർപ്പിക്കുന്നുവെന്നുമാണ്.

4. ഇപ്രകാരം ഈ അപ്പീൽ ഹർജിയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി നൽകിയതായി കാണുന്നതിനാൽ മറ്റ് നടപടികളാവശ്യമില്ലെന്ന് കണ്ട് ഇന്നേദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM



res